## പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും

### പ്രശാന്തി സന്ദേശം- ഉപാഖ്യാനം 270

# പുതിയ കൽപനകൾ-6, 7, 8

**THE NEW COMMANDMENTS 6, 7, 8**

**ജാനുവരി 23, 2025**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

## ആറാമത്തെ കൽപന: അപവാദങ്ങൾ
## THE SIXTH COMMANDMENT: RUMOURS

ആറാമത്തെ കൽപനയെന്നത് ഏറ്റവുമധികം വേഗത്തിൽ പ്രചരിക്കുന്ന 6 അക്ഷരങ്ങളുള്ള ഒരു വാക്കാണ്. അത് ഒരു ജറ്റ് യുദ്ധവിമാനത്തേക്കാൾ വേഗതയുള്ളതാണ്, കോൺകോർഡിനേക്കാളും വേഗതയുള്ളതാണ്! എന്താണത്? അപവാദങ്ങൾ(Rumours)-അവയെ അവഗണിക്കുക!



അപവാദങ്ങൾ കാട്ടുതീ പോലെയാണ് പരക്കുന്നത്! ചില ആളുകൾ പറയും, “സർ, ഞാൻ ഇന്നത് ഇന്നത് കേട്ടു. അത് ശരിയാണോ?” നിങ്ങൾ സംശയിക്കുന്നു എന്ന വസ്തുതതന്നെ അത് ശരിയല്ല എന്നതിന് തെളിവാണ്. അപവാദം പ്രചരിപ്പിക്കുകയല്ല ഇവിടുത്തെ നമ്മുടെ ജോലി. ഒരു ആത്മീയാന്വേഷിയെ സംബന്ധിച്ചിടത്തോളം ഒരു അപവാദം പരത്തുകയെന്നത് ഒരു പാപമാകുന്നു.






സ്വാമിയുടെ വാണികളൊന്നുംതന്നെ നമ്മൾ വ്യാഖ്യാനിക്കാൻ ശ്രമിച്ചുകൂടാ. നമുക്ക് സ്വാമിയെ ഉദ്ധരിക്കാൻ പറ്റും, അത്ര മാത്രം. നാം വ്യാഖ്യാനിക്കരുത് എന്തുകൊണ്ടെന്നാൽ, നമുക്ക് തെറ്റിപ്പോയേക്കാം. സത്യ സായി സംസാരിക്കുന്നു(*Sathya Sai Speaks*) 39 വാല്യങ്ങളുണ്ട്. [പഴയ കണക്ക്]. ഒരുവൻ അത് വ്യാഖ്യാനിച്ച് ഭഗവത് പ്രസ്താവനകളുടെ നവ

മായ സൗന്ദര്യവും ഗരിമയും നശിപ്പിച്ചുകൂടാ. അവിടുത്തെ പ്രസ്താവനകൾ നമുക്ക് അവിടുത്തെ പ്രഭാഷണങ്ങളുടെ സഹായത്തോടെ വിശദീകരിക്കാനാവും, മറ്റേതെങ്കിലും രീതിയിൽ പറ്റില്ല.




**അപവാദങ്ങൾ സംബന്ധിച്ച് ഭഗവാന്റെ ഉപദേശം**

നാം സ്വാമിയിൽനിന്ന് വ്യക്തത ലഭ്യമാക്കണം. ഇത് ഓരോരുത്തർക്കും ബാധകമാണ്, കാരണം നമ്മളെല്ലാം അപവാദത്തിനും നുണപ്രചരണത്തിനും വഴങ്ങുന്നവരാണ്. ആളുകൾക്ക് വിലമതിക്കുന്നതൊന്നും പറയാനില്ല, അതുകൊണ്ടാണവർ അപവാദങ്ങളിലേക്ക് തിരിയുന്നത്. അതെല്ലാം പാഴാണ്. അത് നമ്മെയും പാഴാക്കും.

ഒരു മാന്യൻ ഒരിക്കൽ ചോദിച്ചതാണിത്, ‘‘സ്വാമീ! ഞങ്ങൾ ധാരാളം അപവാദങ്ങൾ കേൾക്കുന്നു. ആളുകൾ വന്ന് എന്നോട് പലതും പറയുന്നു. ഞാനെന്തു ചെയ്യും?’’

ഭഗവാൻ പറഞ്ഞു, ‘‘നിങ്ങൾ സകല അപവാദങ്ങളും കേൾക്കുന്നത് നിങ്ങൾക്ക് ചെവികൾ ഉള്ളതുകൊണ്ടാണ്. നിങ്ങൾക്ക് നിങ്ങളുടെ വായ അടച്ചുവയ്ക്കാം, എന്നാൽ നിങ്ങൾക്ക് നിങ്ങളുടെ ചെവികൾ അടച്ചുവയ്ക്കാനാവില്ല, എന്തെന്നാൽ അവ മലർക്കെ തുറന്നിരിക്കുകയാണ്. എത്ര നിസ്സഹായരാണു നിങ്ങൾ എന്ന് എനിക്ക് മനസ്സിലാവുന്നു. എങ്കിലും, ഞാൻ നിങ്ങൾക്ക് കാലുകളും തന്നിട്ടുണ്ടല്ലോ! അതു കേട്ടുകൊണ്ട് അവിടെ നിൽക്കുന്നത് അസഹനീയമാണെങ്കിൽ, നിങ്ങൾക്ക് ആ സ്ഥലത്തുനിന്നും നടന്നകലാമല്ലോ.’’




അപ്പോൾ, ഒരുവൻ അപവാദങ്ങളെ അവഗണിക്കണം. ഒരിക്കലും അപവാദങ്ങളുടെ പുറകേ പോവരുത് എന്തെന്നാൽ, അപവാദങ്ങൾ അവ്യാജമല്ല. അപവാദങ്ങൾ എന്തെങ്കിലും വികാസത്തിന്, വളർച്ചയ്ക്ക് അഥവാ പുരോഗതിക്ക് സംഭാവന ചെയ്യില്ല. അപവാദമെന്നത് നിഷ്പ്രയോജനമായ സംസാരമാണ്, അതിന് യാതൊരു അടിസ്ഥാനവുമില്ല. അതിനാൽ, അവയെ അവഗണിക്കുക.

## ഏഴാമത്തെ കൽപന: വിജയം
## THE SEVENTH COMMANDMENT: SUCCESS




ഏഴാമത്തെ കൽപനയെന്നത് നേടുന്നതിന് ഏറ്റവുമധികം അസൂയ ജനിപ്പിക്കുന്ന 7 അക്ഷരങ്ങളുള്ള പദമാണ്. എന്താണത്? വി-ജ-യം. എന്താണ് വിജയം, അതെങ്ങനെ നേടാനാണ്? വാസ്തവത്തിൽ, ഈ ലോകത്ത് പരാജയം പോലെ ഒന്ന് ഇല്ല. ആദ്ധ്യാത്മികതയിൽ ശരിക്കുള്ള വിജയം കിടക്കുന്നത് ബാലൻസ് പുലർത്തുന്നതിലാണ്. നിങ്ങൾ സമചിത്തത പുലർത്തുമ്പോൾ, സമതുലിത മനോനില സൂക്ഷിക്കുമ്പോൾ, തോൽവി പോലും വിജയമായി മാറുന്നതു കാണാം.




ഇത് വിശദീകരിക്കുന്നതിനായി ഭഗവാൻ മിക്കപ്പോഴും ഒരു ഉദാഹരണം തരുന്നു. നോബൽ സമ്മാനജേതാവായ രബീന്ദ്ര നാഥ ടാഗോറിനെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാവും. ഒരിക്കൽ, അദ്ദേഹം കുട്ടിയായിരിക്കെ, സ്കൂളിന്റെ വാർഷികദിനമായിരുന്നു. അവനോടി വീട്ടിലെത്തി പിതാവായ ദേവേന്ദ്രനാഥ ടാഗോറിന്റെ അടുത്തെത്തി-ഋഷിതുല്യനായ മനുഷ്യനായിരുന്നു അദ്ദേഹം. അവൻ പറഞ്ഞു, ‘‘അച്ഛാ! ഇന്നെനിക്ക് വലിയ സന്തോഷമാണ്!’’ അവന്റെ അച്ഛൻ മറുപടി പറഞ്ഞു, ‘‘എനിക്കറിയാം കുഞ്ഞേ! നീ സന്തോഷത്തിലായതിനു കാരണം, ഇന്ന് നിന്റെ സ്കൂളിന്റെ വാർഷികമാണ്, ശരിയല്ലേ?’’


ടാഗോർ: അവസാന ചിത്രം(1941)

രബീന്ദ്രനാഥ ടാഗോർ പറഞ്ഞു, ‘‘അല്ല അച്ഛാ, അതുകൊണ്ടു മാത്രമല്ല ഞാൻ സന്തോഷവാനായിരിക്കുന്നത്. ഇന്ന് സമ്മാനവിതരണം ഉണ്ടാവും. എനിക്ക് സമ്മാനമൊന്നുമില്ല, പക്ഷേ ജ്യേഷ്ഠന് നാല് സമ്മാനങ്ങളുണ്ട്!’’

അവന്റെ ജ്യേഷ്ഠനോടുള്ളതിലുമധികം സ്നേഹം അച്ഛന് അവനോടു തോന്നി. അവൻ സന്തോഷത്താൽ തുള്ളിച്ചാടുകയായിരുന്നു, എന്തെന്നാൽ അവന്റെ സഹോദരന് നാലു സമ്മാനങ്ങൾ കിട്ടാൻ പോവുകയാണ്. ഇതിനെയാണ് വിജയം എന്നു വിളിക്കുന്നത്.




ഹേമേന്ദ്രനാഥ ടാഗോർ: മൂത്ത സഹോദരൻ



ദേബേന്ദ്രനാഥ ടാഗോർ: പിതാവ്

ഭഗവാൻ പറഞ്ഞത് ഈ പങ്കുവയ്ക്കലിന്റെ ഭാവം(feeling of sharing) കൂടുതലായി കാണപ്പെടുന്നത് വിദേശികളിലാണെന്നാണ്. ഭഗവാൻ വിദേശികളുടെ ഒരു ഗ്രൂപ്പിനെ ഇന്റർവ്യൂവിനായി വിളിക്കുകയാണെങ്കിൽ, മറ്റ് ഗ്രൂപ്പുകളിലെ അംഗങ്ങൾക്കും വലിയ സന്തോഷമാണ്. ഇവർ പുറത്തുവരുമ്പോൾ മറ്റുള്ളവർ പറയും, ''ഓ! അഭി നന്ദനങ്ങൾ! സ്വാമി നിങ്ങളോട് സംസാരിച്ചുവോ? ഓ, ശരിക്കും? നന്നായി! എന്താണ് അവിടുന്ന് പറഞ്ഞത്?'' അവർ സന്തോഷം പങ്കുവയ്ക്കും. അപ്പോൾ, വിജയമിരിക്കുന്നത് ചിലരെ പരാജയം ബാധിക്കപ്പെടുമ്പോഴോ പുറന്തള്ളപ്പെടുമ്പോളോ അല്ല. ഒരുവനെ അതൊന്നും ഏറെ തളർത്താൻ പാടില്ല, സ്പർശിക്കാൻ പാടില്ല. ഒരുവൻ അതൊന്നും വ്യക്തിപരമായി എടുത്തുകൂടാ. സന്തുലിത(balanced)മാണെന്നു വരികിൽ, ഒരുവന് തോൽവി പോലും ഒരു വിജയമാകുന്നു.



## യഥാർത്ഥ വിജയം

അതുകൊണ്ട്, മൗനം വിജയമാണ്. എന്നാൽ പരാജയവും വിജയമാകാം! ആദ്ധ്യാത്മിക വ്യവഹാരത്തിൽ വിജയത്തിന് വ്യത്യസ്തമായ വ്യംഗ്യാർത്ഥമാണുള്ളത്. ലൗകികരീതിയിലേതുപോലെ നമുക്കതിനെ എടുക്കാനാവില്ല. തന്നെയുമല്ല, നമ്മളിൽ ചിലരൊക്കെ നമ്മുടെ ബിസിനസ്സിൽ ഒരു പരാജയമാവാം, ലൗകികാർത്ഥത്തിൽ ഒരു സമ്പൂർണ പരാജയം. തുക്കാറാമിന്റെയും കബീറിന്റെയും കാര്യം നോക്കുക. അവർ ബിസിനസ്സിൽ പൂർണ പരാജയമായിരുന്നു, പക്ഷേ ആദ്ധ്യാത്മികതയിൽ

വലിയ വിജയികളും. നമ്മൾ വിജയികളോ പരാജിതരോ എന്നു തീരുമാനിക്കുന്നത് നമ്മുടെ വീക്ഷണ(perspective)മാണ്.



സ്വാമി തുക്കാറാമിനെക്കുറിച്ച് സംസാരിക്കുന്നു: ആഷാഢി ഏകാദശി



തുക്കാറാമിന്റെ അന്ത്യം



കബീർദാസ്

ആൽബർട്ട് ഐൻസ്റ്റീൻ മഹാനായ മനുഷ്യനായിരുന്നു. അദ്ദേഹം ഭൗതികശാസ്ത്ര



ആൽബർട്ട് ഐൻസ്റ്റീൻ(1879-1955)

ത്തിൽ വിപ്ലവം കൊണ്ടുവന്ന ആളാണ്. ഐൻസ്റ്റീന്റെ ആപേക്ഷികതാ സിദ്ധാന്തം(Theory of Relativity) കാരണം ഫിസിക്സിന്റെ പഠനവും ഗവേഷണവും ആകപ്പാടെ മാറിമറിഞ്ഞു. എല്ലാവർക്കും അദ്ദേഹത്തിന്റെ പേരറിയാം, പക്ഷേ ചിലർക്ക് അദ്ദേഹത്തെ സംബന്ധിച്ച മറ്റു ചില കാര്യ ങ്ങളും ബോധ്യമുണ്ട്.

അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അവസാനകാലത്ത്, അദ്ദേഹം ഒരൊറ്റ വാചകത്തിൽ ഒരു കുറിപ്പെഴുതി വച്ചിട്ടാണ് മരിച്ചത്. ‘‘ഞാൻ വീണ്ടും ജനിക്കുകയാണെങ്കിൽ, എനി



ഹിരോഷിമയിൽ വീണ(1945 ആഗ. 6) യുറേനിയം ബോബ് 1,40,000 മനുഷ്യരെ കൊന്നൊടുക്കി. 15,000 ടൺ ടി.എൻ.ടി യുടെ പ്രഹരശേഷിയിൽ ഏതാണ്ട് 70% കെട്ടിടങ്ങളും നിലംപരിശാവുകയോ കത്തിപ്പോവുകയോ ചെയ്തു. മൂന്നു ദിവസം കഴിഞ്ഞ് നാഗസാക്കിയിൽ വീണ പ്ലൂട്ടോണിയം ബോബ് 74,000 മനുഷ്യരെ കൊന്നൊടുക്കുകയും നഗരത്തിന്റെ 6.7 ച. കി.മീ. ചുട്ടെരിക്കുകയും ചെയ്തു. വരുംതലമുറകളിലേക്ക് നാശം ബ്ലഡ് ക്യാൻസറായും ജനിതക വ്യതിയാനങ്ങളായും പ്രസരണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

ക്കൊരു പ്ലംബറായി ജനിച്ചാൽ മതി, ഒരു ശാസ്ത്രജ്ഞനായി വേണ്ട.'' അത്രയ്ക്കും പ്രഗത്ഭനായ ഒരു ശാസ്ത്രജ്ഞനിൽനിന്ന് ഇതുപോലുള്ള വാക്കുകൾ നിങ്ങൾ പ്രതീക്ഷിക്കുമോ? സകല പേരിലും പ്രശസ്തിയിലും ആൽബർട്ട് ഐൻസ്റ്റീൻ ആകെ മടുത്തിരുന്നു. മാനവരാശി നേരിടേണ്ടിവന്ന ഏറ്റവും വലിയ ദുരന്തത്തിന് അദ്ദേഹം സാക്ഷിയാവുകയും ചെയ്തു-ഹിരോഷിമയും നാഗസാക്കിയും അണുബോംബിന് ഇരയായത്. ഐൻസ്റ്റീന്റെ ഗവേഷണം കൊണ്ട് മാനവരാശിക്കുണ്ടായ 'പ്രയോജനം' അതായിരുന്നു!

മാനവരാശിയുടെ പടിവാതിൽക്കലെത്തിയിരിക്കുന്ന ദുരന്തവും അത്യാഹിതവും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അതുകൊണ്ട്, ഗവേഷകനെന്ന നിലയ്ക്കുള്ള പേരും പ്രശസ്തിയും അന്തസ്സുമൊന്നും അദ്ദേഹം ഗൗനിച്ചിരുന്നില്ല. വീണ്ടും ഒരു ശാസ്ത്രജ്ഞനായി ജനിക്കുന്നതിന് അദ്ദേഹം ആഗ്രഹിച്ചില്ല. ആരാലും ശ്രദ്ധിക്കപ്പെടാതെ, ആദരിക്കപ്പെടാതെ, പുകഴ്ത്തപ്പെടാതെ, അപലപിക്കപ്പെടാതെ, ഒരു പ്ലംബറായി ജനിക്കാനാണ് അദ്ദേഹം ആഗ്രഹിച്ചത്. ''എനിക്കൊരു സാധാരണ മനുഷ്യനായാൽ മതി.'' ജീവിതത്തിന്റെ അവസാന നിമിഷങ്ങളിൽ ഐൻസ്റ്റീൻ മനസ്സിലാക്കിയ വിജയം അതായിരുന്നു.

## ഒറ്റപ്പെടലും ഏകാന്തതയും
## ALONENESS AND SOLITUDE

ഏറെ നാൾ മുമ്പ്, പരക്കെ ഒരു കിംവദന്തിയുണ്ടായിരുന്നു-എല്ലാ സമുദ്രങ്ങളും പെരുകും, പ്രളയമുണ്ടാവും, മുഴുവൻ ലോകവും അതിൽ മുങ്ങിപ്പോവും എന്നൊക്കെ. മാനവവംശം അപ്രത്യക്ഷമാവും എന്ന് വിശ്വസിക്കപ്പെട്ടിരുന്നു! അക്കാലത്ത്, പത്രത്തിൽ ഞാനൊരു ചെറിയ വാർത്ത വായിക്കുകയുണ്ടായി. ഒരു ചങ്ങാതി ഒരു മരത്തിന്റെ മുകളിൽ കയറി നാലു ദിവസം അവിടെ തങ്ങി. ജേർണലിസ്റ്റുകൾ വന്നിട്ട് ചോദിച്ചു, ''ഹേ, കുട്ടീ! നീയെന്തിനാണ് അവിടെയിരിക്കുന്നത്?'' ആ ചങ്ങാതി മറുപടി നൽകി, ''നിങ്ങളറിഞ്ഞില്ലേ? നിങ്ങളെല്ലാവരും മരിക്കാൻ പോവുകയാണ്! ഞാൻ മാത്രമേ രക്ഷപ്പെടൂ!'' ഓ, നന്ദി! എല്ലാവരും മരിക്കുകയാണെങ്കിൽ, നിങ്ങളെന്തു ചെയ്യാനാണ് അതിനു ശേഷം?



ജീവിതം ഇരിക്കുന്നത് സൗഹൃദത്തിൽ, സമൂഹത്തിൽ, പങ്കുവയ്ക്കുന്നതിൽ, കരുതലിൽ ആണ്. ജീവിതമിരിക്കുന്നത് സ്നേഹിക്കുന്നതിലാണ്, ഏകാന്തതയിലല്ല.



“താങ്കൾ ഇപ്പോളെന്തു ചെയ്യുന്നു?” എന്ന് ചില ആളുകളോടു ചോദിക്കുമ്പോൾ അവരുടെ മറുപടി, “ഞാൻ ഒറ്റയ്ക്കാണ്” എന്നാണ്. നിങ്ങൾ ഒറ്റയ്ക്കായോ? ഒരു പക്ഷേ, അത്രയ്ക്ക് ഭയങ്കരനാവും നിങ്ങൾ, അതുകൊണ്ടാണോ നിങ്ങൾ ഒറ്റയ്ക്കു കഴിയുന്നത്? ഏകാന്തത അടിച്ചേൽപ്പിക്കുന്നത് ആദ്ധ്യാത്മികമല്ല.




ഏകാന്തത(Solitude) ആദ്ധ്യാത്മികമാണ്, പക്ഷേ ഒറ്റപ്പെടൽ(Loneliness) ഒരു ശിക്ഷയാണ്. “ഞാൻ ഒറ്റയ്ക്കാണ്” എന്ന പ്രസ്താവന നെഗറ്റീവാണ്. അതിനർത്ഥം, എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടതുകൊണ്ട് അഥവാ അവഗണിക്കപ്പെട്ടതുകൊണ്ട് ഒരുവൻ ഒറ്റയ്ക്കായി എന്നാണ്. പക്ഷേ ഏകാന്തത പോസിറ്റീവാണ്. ഏകാന്തത ആദ്ധ്യാത്മികമാണ്. അത് നിങ്ങളെ കൂടുതൽ കൂടുതൽ ജ്ഞാനിയാക്കും. ഒറ്റപ്പെടൽ ഭാരവും ശാപവുമാണ്, അത് നിങ്ങളെ ഭ്രാന്തിലേക്ക് നയിച്ചേക്കാം.

അതിനാൽ, യഥാർത്ഥ വിജയം കിടക്കുന്നത് ഏകാന്തത, പരാജയം, ദാരിദ്ര്യം ഒക്കെ




ആസ്വദിക്കുന്നതിലാകുന്നു. ദാരിദ്ര്യം എന്തുകൊണ്ട് വിജയത്തിന്റെ ഒരു ലക്ഷണമായിക്കൂടാ? ‘മഹാഭാരതം’ എന്ന ഇതിഹാസത്തെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാവും. അതിൽ അഞ്ച് പാണ്ഡവസഹോദരന്മാരും വനത്തിൽ കഴിയാനാണ് ഇഷ്ടപ്പെട്ടത്, അവർ വനവാസത്തിന് അയയ്ക്കപ്പെടുകയായിരുന്നു, നിയമപരമായി അവരായിരുന്നു സാമ്രാജ്യത്തിന്റെ ഭരണാധികാരികൾ എന്നിരുന്നാലും. അതാണ് വിജയം! വിജയം എന്നത് ഒരു മനോനിലയാണ്, ഞാൻ എന്റെ ദാരിദ്ര്യത്തെ സ്നേഹിക്കുമ്പോൾ, പരാജയവും എനിക്കു നല്ലതിനാണെന്ന് ഞാൻ തിരിച്ചറിയുമ്പോൾ. അവിടെയാണ് യഥാർത്ഥ വിജയം കിടക്കുന്നത്.

## എട്ടാമത്തെ കൽപന: അസൂയ
## THE EIGHTH COMMANDMENT: JEALOUSY

എട്ടാമത്തെ കൽപന ഏറ്റവും ദുഷിച്ചതായ എട്ടക്ഷരങ്ങളുള്ള പദമാണ്. ഏതാണത്? അസൂയ. സ്വാമി കടന്നുപോകുന്ന വഴിക്ക് ആർക്കെങ്കിലും ഒരു മോതിരം സൃഷ്ടിച്ചു കൊടുക്കും. എന്നിട്ട് അവിടുന്ന് മറ്റൊരാളോട് തിരക്കും, ‘‘നിനക്ക് അസൂയയുണ്ടോ?’’ നിങ്ങളിൽ പലർക്കും ഈ അനുഭവം ഉണ്ടായേക്കാം.



നമുക്ക് എത്രമാത്രം അസൂയയുണ്ടായി എന്ന് അവിടുന്ന് ഉടനടി അറിയും. ഇലക്ട്രിക് വയറിൽ പണിയെടുക്കുമ്പോൾ ഷോക്കേൽക്കാതിരിക്കാൻ നാം ഗ്ലൗസ് ധരിക്കുന്നു. അതേ രീതിയിൽ, ഒരു മുന്നറിയിപ്പായി അവിടുന്ന് പറഞ്ഞേക്കാം, ‘‘അസൂയ?’’ നമ്മൾ മറുപടി പറയും, ‘‘ഇല്ല, സ്വാമീ!’’ സ്വാമി അത് മുൻകൂട്ടി പറഞ്ഞാൽ പിന്നെ നമുക്ക് അസൂയ തോന്നില്ല.




ഒരു ദിവസം, അവിടുന്ന് ഒരു ലക്ചറർക്കായി ഒരു വാച്ച് സൃഷ്ടിക്കുകയുണ്ടായി. അവിടുന്ന് എന്നെ നോക്കിയിട്ട് പറഞ്ഞു, ‘‘ഹേയ്! നിനക്ക് അസൂയയുണ്ടോ?’’ ഞാൻ മറുപടി പറഞ്ഞു, ‘‘ഇല്ല, സ്വാമീ! എനിക്ക് അവിടുന്ന് മുമ്പു തന്നെ തന്നിട്ടുള്ള വാച്ചുണ്ട്.’’

സ്വാമിയാണ് പരമമായത്! അവിടുന്ന് മറുപടി പറഞ്ഞു, ‘‘നിനക്ക് അസൂയ ഇല്ലാത്തത് നിനക്ക് നേരത്തേതന്നെ ഒരെണ്ണം ഞാൻ തന്നിട്ടുള്ളതുകൊണ്ടു മാത്രമാണ്! അത് ശരിയല്ല. അതൊരു നന്മയോ അല്ലെങ്കിൽ സദ്ഗുണമോ അല്ല. നിനക്ക് നേരത്തേ തന്നെ ഒരെണ്ണം കിട്ടിയിട്ടില്ലെങ്കിൽക്കൂടി നിനക്ക് അസൂയ തോന്നാൻ പാടില്ല! അപ്പോൾ നീയൊരു നല്ല മനുഷ്യനാവും.’’

പുതിയ 10 കൽപനകൾ പ്രഫസർ അനിൽകുമാർ അടുത്ത ലക്കത്തിൽ അവസാനിപ്പിക്കുന്നതാണ്. നിങ്ങളുടെ സമയത്തിന് നന്ദി.

ജയ് സായിറാം!



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു** – (***Sai-Vedam*** പേജ് 168-176)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)